# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2223 — 18.06.2013ൽ മറുപടിക്ക്.

### എം.ഒ.യു. സംവിധാനം

**ചോദ്യം**

ശ്രീ. എളമരം കരീം
ശ്രീ. എം. ചന്ദ്രൻ
ശ്രീ. ബി. ഡി. ദേവസ്സി
ശ്രീ. ജി. സുധാകരൻ

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)

എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പുതിയ വ്യവസായ സംരഭങ്ങൾ തുടങ്ങുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള പ്രാരംഭ ചർച്ചകൾ ഏതെല്ലാം സ്ഥാപനങ്ങളുമായി നടത്തിയെന്നും അതിന്റെ വിശദാംശം എന്തെന്നും വിശദമാക്കുമോ;

എ) & ബി)

ഉണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായിച്ചേർന്നുള്ള സംയുക്ത സംരംഭം, വിപണന വിപുലീകരണം എന്നിവ ഈ സാമ്പത്തിക വർഷം ലക്ഷ്യമിടുന്നു.

Kerala State Drugs & Pharmaceuticals Ltd-യും, HLL Lifecare Ltd-മായി ചേർന്നുള്ള ഒരു പദ്ധതി പരിഗണനയിലാണ്. കൂടാതെ മറ്റ് പദ്ധതികളും പരിഗണനയിൽ ഉണ്ട്.

കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ താഴെ പറയുന്ന സ്ഥാപനങ്ങളുമായി നടത്തിയിട്ടുണ്ട്.

- Cement Corporation of India-യുമായി സഹകരിച്ച് Malabar Cements Ltd (MCL)-ന് Capacity doubling.
- Cochin Port Trust-മായി സഹകരിച്ച് Cement Logistics Hub.
- Cotton Corporation of India –മായി സഹകരിച്ച് ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി working capital support –ഉം revolving credit facility-ഉം
- State Trading Corporation-മായി സഹകരിച്ച് അസംസ്ക്രൃത കശുവണ്ടി, ഇൽമെനൈറ്റ്, ക്ലിങ്കർ, ലൈംസ്റ്റോൺ എന്നിവ ഇറക്കുമതി ചെയ്യാൻ Letter of credit തുടങ്ങുന്നതിനു വേണ്ടിയുള്ള സഹായം
- MSTC-യുമായി ചേർന്ന് സ്ക്രോപ്പ് വിൽക്കുവാനും കോൾ വാങ്ങുന്നതിനും
- NCDC –വഴി ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി working capital support

വ്യവസായവകുപ്പിന്റെ അധീനതയിലുള്ള സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും തമ്മിലുള്ള സംയുക്ത സംരഭത്തിന്റെ ഭാഗമായി സെയിൽ എസ്സ്.സി.എൽ കേരള ലിമിറ്റഡ് എന്ന സംയുക്ത സംരഭ കമ്പനി ഏപ്രിൽ 2013-ൽ രൂപീകരിച്ചു.

ഏകദേശം 3000 കോടി മുതൽമുടക്ക് വരുന്നതും, 10,000 TPA ഉൽപ്പാദന ശേഷിയുമുള്ള ടൈറ്റാനിയം സ്പോഞ്ച് ഉല്പാദനത്തിനുള്ള ഒരു പദ്ധതിക്ക് കേന്ദ്ര സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുമായി കെ.എസ്.ഐ.ഡി.സി. യും, കെ.എംഎം.എല്ലും ഒരു ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്.

സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ എം.ഒ.യു. സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതു മൂലം കമ്പനികൾക്കുണ്ടാകുന്ന നേട്ടം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി എം.ഒ.യു. സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എം.ഒ.യു. സംവിധാനം നടപ്പിലാക്കുന്നതുവഴി പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിന്റെ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി-മാനേജ്മെന്റ് ബന്ധം, Research & Development സ്ഥാപനങ്ങളുമായുള്ള സഹകരണം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ വ്യവസായങ്ങൾ കൈവരിക്കേണ്ട നേട്ടങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് വിലയിരുത്തുന്നതുകൊണ്ട് കമ്പനികളുടെ മൊത്തത്തിലുള്ള പ്രവർത്തന ക്ഷമതയും സുതാര്യയും വർദ്ധിക്കുന്നതാണ്.

ഡി) നിലവിലുള്ള സംവിധാനത്തിന് പകരം പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഡി) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ലാഭകരമാക്കാനും കാര്യക്ഷമതയും പ്രൊഫഷണലിസവും ഉറപ്പുവരുത്തുവാനും കമ്പനികളുടെ പ്രവർത്തനം അവലോകനം നടത്താനും ഡയറക്ടർ ബോർഡുകളിലും ഉയർന്ന തസ്തികകളിലും യോഗ്യതയും പരിചയസമ്പത്തും ഉള്ളവരെ തിരഞ്ഞെടുക്കുവാൻ നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും (BPE) റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡും (RIAB) സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നു. ഇതിന്റെ ചെലവുകൾക്കായി പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ച് ഉത്തരവിറങ്ങിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ